# വസ്തുവഹകളുടെ പൊതുലേലം സംബന്ധിച്ച ക്വട്ടേഷൻ ഫോർമാറ്റ്

**(Under SARFAESI ACT 2002)**

To

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ,
കേരള സംസ്ഥാന സഹകരണ ബാങ്ക്,
റീജിയണൽ ആഫീസ്, തൃശ്ശൂർ-22

| | | | | |
|---|---|---|---|---|
| 1 | ക്വട്ടേഷൻ നൽകുന്ന വ്യക്തിയുടെ പേര് | | | |
| 2 | മുഴുവൻ മേൽവിലാസം | | | |
| 3 | മൊബൈൽ നമ്പർ | | | |
| 4 | ആധാർ നമ്പർ | | | |
| 5 | നിരതദ്രവ്യം (EMD) തുക | | | |
| 6 | DD നമ്പർ | | | |
| 7 | ക്വട്ടേഷൻ തുക | | | |
| 8 | വസ്തു സ്ഥിതി ചെയ്യുന്ന താലൂക്ക് | | | |
| 9 | വസ്തു സ്ഥിതി ചെയ്യുന്ന വില്ലേജ് | | | |
| 10 | സർവ്വേ നമ്പർ | | | |
| 11 | വിസ്തീർണ്ണം (ആർ/സെന്റ്) | | | |
| 12 | ദിനപത്രത്തിലെ ക്രമ നമ്പർ | | | |
| 13 | വായ്പക്കാരന്റെ പേര് | | | |
| 14 | വായ്പാ നമ്പർ (1) | | വായ്പാ നമ്പർ (2) | |
| 15 | വായ്പാ തുക | | വായ്പാ തുക | |
| 16 | കരുതൽ തുക | | | |
| 17 | ശാഖയുടെ പേര് | | | |

13.10.2026 തീയതിയിലെ ................................ദിനപത്രത്തിൽ ബാങ്ക് പ്രസിദ്ധീകരിച്ച പുനർലേല വിൽപന പരസ്യ പ്രകാരം **29.10.2026** -ാം .തീയതിയിൽ രാവിലെ **11** മണിക്ക് എറണാകുളം സി.പി.സി, കാക്കനാട് വച്ച് നടക്കുന്ന വസ്തു ലേലത്തിൽ പങ്കെടുക്കുവാൻ എനിക്ക് താൽപര്യമുണ്ട്. മേൽസൂചിപ്പിച്ച വസ്തു വഹകളുടെ ലേല വിൽപന സംബന്ധിച്ച ഉടമസ്ഥാവകാശം, തരം, സർവ്വേ, വിസ്തീർണം, നിലവിലെ സ്ഥിതി, വസ്തുവഹകളിലെ ബാധ്യതകൾ തുടങ്ങിയ എല്ലാ വിവരങ്ങളും ഞാൻ റവന്യൂ അധികാരികൾ, മറ്റു ബന്ധപ്പെട്ട അധികാരികൾ എന്നിവരിൽ നിന്നും നേരിട്ട് അന്വേഷണം നടത്തി പൂർണ്ണമായും ബോധ്യപ്പെട്ടിട്ടുള്ളതാകുന്നു. കൂടാതെ, ലേല വസ്തുവഹകളെ സംബന്ധിച്ച് നിലവിലുള്ളതോ, ഉണ്ടായേക്കാവുന്നതുമായ ഏതെങ്കിലും കോടതി കേസുകൾ വരുന്ന പക്ഷം ആയതിലെ അന്തിമ വിധി ഉത്തരവ് അനുസരിച്ച് മാത്രം ലേല സ്ഥിരീകരണം നടത്തുകയുള്ളൂ എന്ന വിവരം ഞാൻ ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ ലേല വിൽപന സംബന്ധിച്ച എല്ലാ നിബന്ധനകളും ഞാൻ പൂർണ്ണമായും പാലിച്ചു ടി ലേല വിൽപനയിൽ പങ്കെടുക്കുവാൻ ഞാൻ തയ്യാറായിട്ടുള്ളതാണ്. മേൽസൂചിപ്പിച്ച വസ്തു വഹകളുടെ ലേല വിൽപനയിൽ പങ്കെടുക്കുവാൻ എന്നെ അനുവദിക്കണമെന്നും ആയതിന് ആവശ്യമുള്ള EMD സംഖ്യയായ ................... രൂപയുടെ DD യും ........................... തുകയുടെ ക്വട്ടേഷനും എന്റെ ആധാർ കാർഡിന്റെ കോപ്പിയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

സ്ഥലം :- | പേര് :-

തീയതി :- | ഒപ്പ് :-

മറുപുറം

## ലേലവിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും

1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ റിസർവ് പ്രൈസ് തുകയുടെ 10% തുക നിരതദ്രവ്യമായി (EMD) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പേരിൽ എറണാകുളം കാക്കനാട് ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സഹിതമുള്ള ടെണ്ടർ **"ടെണ്ടർ ഫോർ പ്രോപ്പർട്ടീസ്"** എന്നെഴുതി ഒട്ടിച്ച കവർ **28.10.2026 ന് വൈകിട്ട് 5 മണിക്ക്** മുമ്പായി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ എറണാകുളം ക്രെഡിറ്റ് പ്രൊസ്സസിംഗ് സെന്ററിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. ടെണ്ടർ കവറുകൾ **29.10.2026** ന് രാവിലെ 11 മണിക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എറണാകുളം ക്രെഡിറ്റ് പ്രൊസ്സസിംഗ് സെന്ററിൽ വച്ച് ലേലം വിളിക്കുവാൻ വന്നിട്ടുള്ളവരുടെ സാന്നിധ്യത്തിൽ ടെണ്ടർ തുറക്കുന്നതും തുടർന്ന് ലേല നടപടികൾ തുടരുന്നതുമാണ്. താൽപര്യമുള്ള ലേലക്കാർ ടി. സമയത്ത് ഹാജരാകേണ്ടതാണ്.

2. റിസർവ് പ്രൈസ് തുകയിൽ കുറഞ്ഞ് ലേല വിൽപന നടത്തുന്നതല്ല.

3. ലേലവിൽപന വസ്തുവഹകൾ ഇപ്പോൾ ഇരിക്കുന്ന അതേ അവസ്ഥയിൽ ("As is where is" "As is what is" & "Whatever there is") എന്ന വ്യവസ്ഥയിലും ലേല വസ്തുക്കളിൽ ഇപ്പോൾ ഉള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ നിയമപരമായതോ, മറ്റു സ്റ്റാറ്റ്യൂട്ടറി ബാധ്യതകളോ, അല്ലാതെയുള്ളതോ ആയ ബാദ്ധ്യതകൾക്കോ അല്ലെങ്കിൽ വിൽപന പൂർത്തീകരിക്കപ്പെടുവാനുള്ള കാല താമസത്തിനോ ബാങ്ക് യാതൊരു വിധത്തിലും ഉത്തരവാദിയല്ലാത്ത വിധത്തിലായിരിക്കും ഈ ലേല വിൽപന. ലേലത്തിൽ പങ്കെടുക്കുന്നവർ അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് വസ്തുവിന്റെ ഉടമസ്ഥാവകാശം, തരം, വിസ്തീർണ്ണം എന്നിവയും വസ്തുവിൻമേലുള്ള ബാധ്യതകൾ, ക്ലെയിം/അവകാശങ്ങൾ /കുടിശ്ശിക മുതലായവയെപ്പറ്റിയും ടാക്സ്/റവന്യൂ അധികാരികളുമായി സ്വന്തം നിലയിൽ അന്വേഷണം നടത്തി ബോധ്യപ്പെടേണ്ടതാണ്.

4. ടെണ്ടറുകൾ തുറന്നതിന് ശേഷം അധികാരപ്പെടുത്തിയ ഉദ്യാഗസ്ഥന് ലേല തുക വർദ്ധിപ്പിക്കുവാൻ വേണ്ടി ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളവർ തമ്മിൽ ലേലം വിളിക്കുന്നതിന് അവസരം നൽകാവുന്നതും ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം വിളിക്കുന്ന ആൾക്ക് ലേലം ഉറപ്പിക്കുന്നതിന് അധികാരമുള്ളതുമായിരിക്കും.

5. ഏറ്റവും ഉയർന്ന തുകയ്ക്ക് ടെണ്ടറുകൾ സമർപ്പിക്കുന്ന വ്യക്തിയുടെ പേർക്കോ അഥവാ ലേലത്തിൽ ഏറ്റവും കൂടിയ തുകയ്ക്ക് വിളിക്കുന്ന വ്യക്തിയുടെ പേർക്കോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സ്ഥിരീകരണത്തിന് വിധേയമായി ലേലം ഉറപ്പിക്കുന്നതായിരിക്കും. ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തി ലേല ദിവസം തന്നെ നിരതദ്രവ്യം കഴിച്ച് (EMD തുക)വരുന്ന ലേല തുകയുടെ 25% തുക അടയ്ക്കേണ്ടതും ബാക്കി വരുന്ന തുക 15 ദിവസത്തിനകം അടയ്ക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ലേല തുക കെട്ടിവയ്ക്കേണ്ട സമയത്തിനുള്ളിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ EMD സംഖ്യയും അടച്ച സംഖ്യയും തിരികെ ലഭിക്കുവാൻ അർഹതയില്ലാത്തതും ഇതുമൂലം സംഭവിച്ചേക്കാവുന്ന കഷ്ട നഷ്ടങ്ങൾക്ക് ബാങ്ക് ഉത്തരവാദിയല്ലാത്തതും കെട്ടിവച്ച തുക കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷിപ്തമാവുകയും ചെയ്യുന്നതും പുനർലേലം നടത്തുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

മറുപുറം

6. വസ്തു വിൽപന സെക്യൂർഡ് ക്രെഡിറ്ററുടെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലേലം ഉറപ്പിക്കുന്നതിനും കാരണം കാണിക്കാതെ ലേലം നിറുത്തി വയ്ക്കുന്നതിനും, മറ്റൊരു ദിവസത്തേക്ക് മാറ്റി വയ്ക്കുന്നതിനും ലേലം അസാധുവാക്കുന്നതിനും പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

7. ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്ന വ്യക്തി സംസ്ഥാനത്തെ വസ്തു കൈമാറ്റ രജിസ്ട്രേഷൻ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി മുതലായ ചിലവുകളും പൗണ്ടേജ് ചിലവുകളും വഹിക്കേണ്ടതാണ്.

8. ലേലത്തിൽ പങ്കെടുക്കുന്നതിനോ, മതിയായ ലേലം കൊള്ളുന്നതിനോ ആളില്ലാത്ത സാഹചര്യത്തിൽ Sec.13(5-A) SARFAESI Act 2002 പ്രകാരം വസ്തു വഹകൾ ബാങ്കിന് ലേലം വിളിച്ചെടുക്കുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

9. പണയ വസ്തുക്കളുടെ ലേല വിൽപന സംബന്ധിച്ച വില (Reseve Price) നിശ്ചയിച്ച് ഉറപ്പിച്ചിട്ടുള്ളതാകുന്നു.

10. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് ലേല വിൽപന സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കും, മറ്റ് ലേല നിബന്ധനകൾ അറിയുന്നതിനും വസ്തുവഹകൾ പരിശോധിക്കുന്നതിനും താഴെ നൽകിയിട്ടുള്ള ഫോൺനമ്പറിൽ ബന്ധപ്പെടാവുന്നതാണ്. (0484–2424549, 2424613) മുൻകൂട്ടി നിശ്ചയിച്ച പ്രകാരം പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകീട്ട് 5 മണി വരെ വസ്തുവഹകൾ പരിശോധിക്കാവുന്നതാണ്. ലേലത്തെ സംബന്ധിച്ച വിവരങ്ങൾ ബാങ്കിന്റെ വെബ്സൈറ്റ് **kerala.bank.in** ൽ ലഭ്യമാണ്.

11. ലേലത്തിന് മുമ്പായി ലേല വസ്തു വഹകളെ സംബന്ധിച്ച എല്ലാ നിജസ്ഥിതികളും ലേലത്തിൽ പങ്കെടുക്കുന്നവർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ,
കേരള സംസ്ഥാന സഹകരണ ബാങ്ക്
തൃശ്ശൂർ റീജിയൺ